9

# ഉത്തരരാജ്യം

## രെഹോബെയാമിന്റെ സ്ഥാനംഏല്ക്കൽ

## മുതൽ ശമര്യയുടെ വീഴ്ച്ചവരെ

## ബി.സി. 975- 722

## (1 രാജാക്കന്മാർ 12- 22, 2 രാജാക്കന്മാർ 1-17)

### I. ആമുഖം.

വിസ്തൃതമായി ഒഴുകിക്കൊിരുന്ന എബ്രായചരിത്രം ഇവിടെ നിന്നു രായി പിരിയുകയാണ്. അതിലെ വിശദമായ കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാകുകയാണ്. ഈ ഘട്ടം മുതൽ നമ്മുടെ അദ്ധ്യായങ്ങൾ ഗണിക്കപ്പെടുന്നതു കാലാനുക്രമമായ കാലഘട്ടമായാണ്. ഈ അദ്ധ്യായവും അടുത്തതും നോക്കുമ്പോൾ അതേ രീതിയാണ് "ഇരട്ടരാജ്യത്തിനും" "യെഹൂദ്യക്കു മാത്രവും" കൊടുത്തിരിക്കുന്നത്; രാജ്യം വിഭജിച്ചിരിക്കുന്നതനുസരിച്ചു ഓരോന്നും വെവ്വേറെ നോക്കുന്നതാണ് ചരിത്രപരമായ ഐക്യതക്കും ലാളിത്യത്തിനും നല്ലത്.

**1. മതഭിന്നതയുടെ ആരംഭം.** - *a. അതിന്റെ വേരുകൾ.* - "രാജ്യവിഭജനം ഒരൊറ്റദിവസം കൊുായതല്ല പിന്നെയോ നൂറ്റാുകൾകൊുായതാണ്." യോശുവ മുതൽ ദാവീദ് വരെയുള്ള നീ കാലം യെഹൂദ്യ ഒഴിച്ചു, രു ഗോത്രങ്ങളായ യോസേഫും (എഫ്രയിമും, മനശ്ശെയും), ബെന്യാമീനും, മുൻഗണന പിടിച്ചിരുന്നു. എഫ്രയീമിനു യോശുവയും, ദേബോരയും ശമുവേലും ഉായിരുന്നു; മനശ്ശെക്കു, ഗിദെയോനും അബീമെലേക്കും ഉായിരുന്നു; ബെന്യാമീനു, ശൗലും യോനാഥാനും ഉായിരുന്നു.

എഫ്രയീം ഗോത്രം, പ്രത്യേകിച്ചു, ഉയർന്ന സ്വാതന്ത്ര്യവും നിഗളമനോഭാവവും വെച്ചു പുലർത്തിയിരുന്നു;[1] യെഹൂദ്യയുടെ ഭരണ ത്തിൽനിന്നു ഒഴിഞ്ഞു മാറുവാൻ അവരുടെ നേതാക്കന്മാർ ഒളിച്ചിരിക്കുകയായിരുന്നു എന്നു സംഭവങ്ങൾ തെളിയിക്കുന്നു.

*b. രെഹോബെയാമിന്റെ സ്ഥാനം ഏൽക്കലും നയവും.* - "ശലോമോന്നു ആയിരം ഭാര്യമാരും ഒരുമകനും ഉായിരുന്നു, അവൻ മൂഢനുമായിരുന്നു." രഹോബെയാം സ്ഥാനമേറ്റപ്പോൾ ആളുകൾ അവനോടു നികുതിഭാരം, ശലോമോന്റെ നേതൃത്വത്തിൽ ഉായിരുന്നത്, കുറയ്ക്കുവാൻ ആവശ്യപ്പെട്ടിരുന്നു. രഹോബെയാം പ്രായമായവരുടെ ആലോചന തള്ളിക്കളയുകയും യുവാക്കളുടെ ആലോചന സ്വീകരിക്കുകയും, തന്റെ അപ്പന്റേതിനേക്കാൾ അവന്റേത് ഭാരമാക്കുമെന്നും പറഞ്ഞു.

*c. യെരോബെയാമും ലഹളയും.* - ശലോമോന്ന് കഴിവുള്ള യെരോബെയാം എന്ന ഉദ്യോഗസ്ഥൻ ഉായിരുന്നു. അവൻ എഫ്രേമ്യനായിരുന്നു എന്നത് പ്രാധാന്യം ഉള്ള കാര്യമാണ്. ശലോമോന്റെ വിഗ്രഹാരാധന നിമി

ത്തം, അത് ദൈവനിയമത്തിന്റെ അടിസ്ഥാനലംഘനമാകയാൽ, പ്രവാചക നായിരുന്ന അഖീയാവു രാജ്യം പിളരുകയും യെരോബെയാമിന്റെ കീഴിൽ പത്തു ഗോത്രങ്ങൾ ആകുകയും ചെയ്യുമെന്ന് മുന്നറിയിച്ചിരുന്നു. യെരോബെയാം ശലോമോന്റെ ആശങ്ക പോലെ മിസ്രയീമിലേക്ക് ഓടിപ്പോയി, എന്നാൽ ശലോമോൻ മരിച്ചപ്പോൾ മടങ്ങിവന്നു. നികുതിഭാരം കുറയ്ക്കുവാൻ രഹോബെയാം മടിച്ചതുകൊ്, യെരോബെയാം പത്തുഗോത്രങ്ങളെ വെച്ചു ഒരു ലഹളയ്ക്ക് ഒരുങ്ങി. ഫലമോ ര് എതിർ രാജ്യങ്ങൾ ആയി തീർന്നു:

(1) യെഹൂദ്യയും ബെന്യാമീനുമായ രു ഗോത്രങ്ങൾ ദക്ഷിണ രാജ്യം എന്ന നിലയിൽ, യെഹൂദ്യ എന്നറിയപ്പെട്ടു.

(2) പത്തു ഗോത്രങ്ങൾ ആയ ഉത്തരരാജ്യം യിസ്രായേൽ എന്നറിയപ്പെട്ടു.

**2. രു രാജ്യങ്ങളെയും താരതമ്യം ചെയ്തിരിക്കുന്നു.** – *a. പ്രദേശവും പ്രചാരവും.* – പ്രാധാന്യമുള്ള ഒരർത്ഥത്തിൽ, ഉത്തരരാജ്യം ദക്ഷിണരാജ്യത്തെക്കാൾ കൂടുതൽ ദേശീയമായിരുന്നു; പന്ത്രിൽ പത്തുഗോത്രങ്ങളും അവരുടെ ഭാഗമായിരുന്നു, അതുകൊു അതു ദേശീയമായ, യിസ്രായേൽ എന്ന പേർ നിലനിർത്തി. അതിന്റെ പ്രദേശം വിശാലം മാത്രമായിരുന്നില്ല, എന്നാൽ വളരെ ധനികവുമായിരുന്നു, സ്വാഭാവികമായ വിഭവങ്ങളിലും ചരിത്രപരമായ ബന്ധങ്ങളിലും അതു വാസ്തവമായിരുന്നു. യെഹൂദ്യയിൽ ഉൾപ്പെട്ടതായിരുന്നു യെരുശലേമും എബ്രോനും, യിസ്രായേലിൽ ശേഖേമും അതിലെ സ്മരണീയമായ സമ്പത്തും ഉൾപ്പെട്ടിരുന്നു; സമാഗമനകൂടാരത്തിന്റെ ആദ്യ സ്ഥാനമായിരുന്നു, ശിലോം; ബഥേലും രാമയും, ഗിൽഗാലും, ശമുവേൽ പ്രവാചകന്മാരുടെ പാഠശാല കത്തിയ സ്ഥാനമായിരുന്നു; ദാൻ, വളരെ കാലമായി ആരാധനാകേന്ദ്രമായിരുന്നു (ന്യായാ. 18:14 –31). അതിലുപരിയായി, ദാവീദു സാമ്രാജ്യത്തിന്റെ സഖ്യകക്ഷികളും ആശ്രിതരും, അതുവരെ നിലനിന്നിരുന്നവർ എല്ലാം, ഏതാു യിസ്രായേലിനോടു യോജിച്ചുനിന്നു. എങ്ങനെയായാലും, കാലം കഴിഞ്ഞപ്പോൾ, ലേവ്യരുടെ കുടിയേറിപ്പാർപ്പുകൊു യിസ്രായേൽ നഷ്ടമാവുകയും ആത്മീയമായ യെഹൂദ്യയുടെ മൂലകങ്ങളും അവർക്ക് നഷ്ടമായി (2 ദിന. 15: 9, 10).

*b. അവരുടെ മതം.* – യിസ്രായേലിന്റെ രാജാക്കന്മാർ, ആദ്യം മുതൽ അവസാനം വരെ, വിഗ്രഹാരാധകരായിരുന്നു, ആളുകളും കൂടുതൽ കൂടുതലായി അങ്ങനെ വളർന്നുവന്നു. എന്നാൽ രസകരമായ വസ്തുത എന്തെന്നാൽ പ്രാരംഭത്തിലെ വലിയ പ്രവാചകന്മാരെല്ലാം ഒന്നുകിൽ യിസ്രായേലിന്നുള്ളവരോ അല്ലെങ്കിൽ അവിടേക്ക് ദൗത്യവുമായി പോയവരോ ആയിരുന്നു. അബീയാവു, ശമയിയാ, ഏലിയാവു, ഏലീശാ, മിഖായാവു, യോനാ, ഹോശേയാ, ആമോസ്, സഖരിയാവു, ഏഹൂ എന്നിവരെല്ലാം, ഒന്നുകിൽ, ജനനത്താൽ അല്ലെങ്കിൽ ദൗത്യത്താൽ, ഉത്തരരാജ്യത്തിലെ പ്രവാചകന്മാരായി തീർന്നു. യെഹൂദ്യ, പലപ്പോഴും വിഗ്രഹാർപ്പിതമായിരുന്നുവെങ്കിലും, യെഹോവയോടു അവർ കൂടുതൽ പറ്റിച്ചേർന്നിരുന്നു.

*c. ഉറപ്പിന്റെ ഘടകങ്ങൾ.* – യെഹൂദ്യയുടെ ഏറ്റവും വലിയ ഉറപ്പ് താഴെ കാണുന്ന വസ്തുതകളിൽ കാണാം: (1) യെഹൂദ്യക്കു എല്ലായ്പ്പോഴും, യെരുശലേം എന്ന ദാവീദിന്റെയും ശലോമോന്റേയും പട്ടണം, ദേവാലയം സ്ഥിതി ചെയ്തിരുന്ന, യെരുശലേം മാത്രമായിരുന്നു. യിസ്രായേലിന്നു തുടരെ തുടരെ

പല തലസ്ഥാനങ്ങളുമുായിരുന്നു: ശേഖേമും, തിർസയും ശമര്യയും. (2) യിസ്രായേൽ ഇരുന്നൂറ്റി അൻപതു വർഷങ്ങളോളം മാത്രം തുടർന്നിരുന്നു; എങ്കിലും ആ സമയത്ത് സിംഹാസനത്തിൽ പത്തൊൻപതു രാജാക്കന്മാരുടെ ഭരണങ്ങൾ ഒൻപതുപ്രാവശ്യമായി നടന്നിരുന്നു. ഓരോ പുതിയ ഭരണവും രക്തചൊരിച്ചിൽ വിപ്ലവത്തിലൂടെയാണ് തുടങ്ങിയത്, രക്തം രക്തം കൊു മായ്ച്ചുകളഞ്ഞു. ഇരുപതു അധികാരമായിരുന്നു ഏതാു നാനൂറു വർഷത്തേക്കു യെഹൂദ്യക്കു ഉായിരുന്നത്, അവയെല്ലാം, കൈക്കലാക്കി രക്ഷിച്ചത്, ദാവീദിന്റെ വംശാവലിയിൽ നിന്നുവന്ന, അതല്യാവു ആയിരുന്നു.

### II. നാലു കാലഘട്ടങ്ങൾ.

ഉത്തരരാജ്യത്തിന്റെ ചരിത്രം മതപരമായി നാലു തുല്യമല്ലാത്ത കാലയളവിലുള്ളതായി തിരിക്കാവുന്നതാണ്:

**1. വിഗ്രഹാരാധന വേരുപിടിക്കുന്നു; അൻപതുവർഷങ്ങൾ, മൂന്ന് വംശങ്ങൾ, അഞ്ചു വാഴ്ചകൾ.** – രാജ്യത്തിന്റെ സ്ഥാപകനായ, യെരോബയാം ആയിരുന്നു മുഖ്യ കഥാപാത്രം. തന്റെ എതിരാളികളുടെ തലസ്ഥാനത്തുള്ള ഏക കേന്ദ്രീയ ആരാധനയുടെ രാഷ്ട്രീയ സ്വാധീന ഭയം കൊു, ദൂരെ വടക്കുള്ള ദാൻ തിരഞ്ഞെടുത്തു അവന്റെ ആധിപത്യത്തിലെ തെക്കേ അറ്റത്തുള്ള ബെഥേലും തിരഞ്ഞെടുക്കുകയുായി. അവ രും വിശുദ്ധ സ്ഥലങ്ങളായി പരിഗണിക്കപ്പെട്ടവയായിരുന്നു. അവിടെ അവൻ കാളയെ ആരാധിക്കുന്ന വിഗ്രഹാരാധനക്കു രൂപം കൊടുത്തു. അത് മിസ്രയീമ്യരുടെ ആരാധനരീതിയെ ഓർപ്പിക്കുന്നതും യിസ്രായേൽ സീനായി പർവ്വതത്തിനരുകിൽ വെച്ചു ചെയ്തിരുന്നതും, യെരോബയാം അടുത്തകാലത്ത് മിസ്രയീമിൽ പ്രവാസി ആയിരുന്നതും ആണ്. അതിനർത്ഥം അവർ യഹോവയെ പൂർണ്ണമായി ത്യജിച്ചു എന്നല്ല, മറിച്ചു അദൃശ്യനായ ദൈവത്തിന്റെ രൂപത്തെ ദൃശ്യമാക്കുവാൻ അവർ ശ്രമിച്ചു. അങ്ങനെ, അവർ ആദ്യത്തേതല്ല രാമത്തെ കല്പന ലംഘിച്ചു. ശലോമോന്റെ വിഗ്രഹാരാധന ഏറ്റവും മോശമായിരുന്നു എന്നു തോന്നുന്നു, എന്നിട്ടും വിശുദ്ധ ചരിത്രകാരന് വിറയൽ കൂടാതെ യെരോബയാമിന്റെ പേർ പറയുവാൻ കഴിഞ്ഞില്ല. "നെബാത്തിന്റെ മകനായ യെരോബയാം പാപം ചെയ്യുകയും യിസ്രായേലിനെ കൊു പാപം ചെയ്യിക്കുകയും ചെയ്തു,"[2] ആ വാക്കുകളാൽ ആയിരുന്നു അവനെ എന്നേക്കുമായി തൂക്കിലേറ്റിയത്.[3] യെരോബയാം കവലയിൽ നിന്നിരുന്നു. ദൈവീക നിയോഗത്താൽ അവന് ഒരു ഭരണവും രാജ്യവും കത്തേിയിരുന്നു. ആ ഭരണവും രാജ്യവും അതിന്റെ മഹത്വകരമായ ലക്ഷ്യത്തിലെത്തുമായിരുന്നു; എന്നാൽ അധികവും സ്ഥാപകനിൽ ആശ്രയിച്ചിരുന്നതുകൊു, അവൻ ഒന്നുകിൽ അബ്രഹാമോ അല്ലെങ്കിൽ ഒരു യെരോബയാമോ എന്ന നിലയിലായിരുന്നു; എന്നാൽ യെരോബയാം അവന്റെ നയത്താൽ, അത് പകുതി ലൗകികവും, പകുതി മതപരവും ആക്കിത്തീർത്തുകൊു, യിസ്രായേലിന്റെ സമൃദ്ധി എന്നേക്കുമായി തെറിപ്പിച്ചു കളഞ്ഞു. കൂടാതെ അവൻ ഒരു പുതിയ പൗരോഹിത്യവും ഒരു പുതിയ മതപരമായ ആഘോഷ സംവിധാനവും ഏർപ്പെടുത്തി. നയം ആ സമയത്ത് യോജിക്കുന്നതെന്നു തോന്നി, എന്നാൽ അവസാനം അത് നാശകരമായി തീർന്നു. യിസ്രായേലിന്റെ രാഷ്ട്രീയ സുരക്ഷിതത്വം മതപരമായ വിശുദ്ധിയെ ആസ്പദമാക്കിയാണിരുന്നത്. ആ കാലയളവിൽ ഉായിരുന്ന മറ്റു രാജാക്കന്മാർ നാദാബ്, ബാഷ,

ഏലാ, സിംരി, എന്നിവരായിരുന്നു, ബാഷയെ പോലെ, ഒരു കൈക്കലാക്കുന്നയാളും ഏഴുവർഷത്തെ മഹത്വരഹിതമായ വാഴ്ചയ്ക്കുശേഷം നശിക്കുന്നവനുമായി തീർന്നു. ആ കാലയളവിലെല്ലാം യിസ്രായേലും യെഹൂദ്യയും കടുത്ത ശത്രുതയിലായിരിക്കെ, പലപ്പോഴും തുറന്ന യുദ്ധത്തിൽ ഏർപ്പെടുകയും ചെയ്തു.

**2. വിഗ്രഹാരാധനയോടുകൂടിയ വിജയം; അൻപതുവർഷങ്ങൾ, ഒരു വംശം, നാലു വാഴ്ചകൾ.** – *a. ഓംരിയും പുതിയ തലസ്ഥാനവും.* – വംശത്തിന്റെ സ്ഥാപകൻ സൈനിക ഉദ്യോഗസ്ഥനായിരുന്ന ഓംരി ആയിരുന്നു. പെട്ടെന്നു കൈവശക്കാരനായിരുന്ന സിംരി വിജയകരമായി സാഹസികനായിരുന്ന തിക്ബിനിയുമായി ആഭ്യന്തര യുദ്ധത്തിലേർപ്പെടുകയും, അവൻ സുരക്ഷിതമായി സിംഹാസനത്തിൽ ഇരിക്കുകയും ചെയ്തു. തന്റെ തലയ്ക്കു മുകളിലുായിരുന്ന തിർസാ കൊട്ടാരത്തെ സിംരി കത്തിച്ചു കളഞ്ഞു. ഓംരി തിർസാ ഉപേക്ഷിക്കുകയും, ശമര്യ വാങ്ങി പണിയുകയും, രാജ്യം വീണുപോകുന്നതുവരെ അതു തലസ്ഥാനമായി തുടരുകയും, അതിന്റെ പേർ പിന്നീടു ഒരു ജില്ലക്കും ആളുകൾക്കും നൽകുകയും ചെയ്തു.

*b. ആഹാബ്; യിസബേൽ; ബാൽ ആരാധന.* – യത്ബാലിന്റെ മകൾ യിസബേലിനെ ആയിരുന്നു, ഓംരിയുടെ മകൻ, ആഹാബ് വിവാഹം ചെയ്തത്. രു രാജ്യങ്ങളുടേയും എബ്രായ അധികാരങ്ങളിൽ പല തലമുറകളോളം വിഷം പോലെ മതത്തിൽ ജാതികളുടെ രക്തം ഒഴുകുവാൻ തുടങ്ങി. അവൾ അധികാരഭ്രമവും മതഭ്രാന്തും ഉള്ളവളായിരുന്നു, അവളുടെ പേർ ഏതാു മൂവായിരം വർഷങ്ങളോളം സ്ത്രീ വർഗ്ഗത്തിൽ വെറുക്കപ്പെട്ട ഒരു പര്യായമായി നിലകൊു. അവൾ ആയിരുന്നു ബാൽ വിഗ്രഹത്തെ പ്രോത്സാഹിപ്പിച്ചതും, യഹോവയെ ആരാധിച്ചിരുന്നവരെ ഭയങ്കരമായി ഉപദ്രവിക്കുവാൻ തുടങ്ങിയതും, അത് ആളുകൾക്കിടയിൽ പ്രചരിപ്പിച്ച്, വേരു പിടിപ്പിക്കുകയും ചെയ്തു.

*c. ഏലിയാവിന്റെ കാലം.* – ആ കാലത്തെ ഉന്നതമായ സ്വഭാവത്തിനുടമയായിരുന്നു പ്രവാചകനായിരുന്ന ഏലിയാവ്. അവൻ ധൈര്യപൂർവ്വം ആഹാബിന്റെ പാപങ്ങളെ ചൂിക്കാണിക്കയുായി; ദേശീയമായ മതഭ്രംശത്തിന്റെ പിഴയായി മൂന്നുവർഷത്തെ ക്ഷാമം പ്രവഹിക്കുകയും ചെയ്തു; കെരീത്തു തോട്ടിൽ വെച്ചു കാക്കയെ കൊു പോറ്റുകയും, പിന്നീട് യിസബേലിന്റെ ദേശമായ സാരഫാത്തിലെ വിധവയെ കൊു പോറ്റുകയും ചെയ്തു; അവസാനം വീും ആഹാബിനെ കാണുകയും കർമ്മേൽ പർവ്വതത്തിൽ ഒരു ദേശീയ യോഗം വിളിപ്പിക്കുകയും ചെയ്തു, അവിടെ വെച്ചു നൂറുകണക്കിനു ബാലിന്റെയും അസ്തോരാത്തിന്റെയും പ്രവാചകൻമാർക്കു ഒരു പരിശോധന നൽകുകയും ചെയ്തു: തീയാൽ ഉത്തരം നൽകുന്നവനാണ് ദേശത്തിന്റെ യഥാർത്ഥ ദൈവം എന്ന് പറയുകയും ചെയ്തു. കൂടിവന്നിരുന്ന പുരുഷാരത്തെ അതിശയിപ്പിച്ചുകൊു, ഏലിയാവിന്റെ യാഗത്തെ ദൈവം തീയിറക്കി ദഹിപ്പിക്കയും, വിഗ്രഹാരാധകരായ ബാലിന്റെ കള്ളപ്രവാചകന്മാരെ കൊന്നുകളയുകയും ചെയ്തു. സമൃദ്ധമായ മഴക്കുശേഷം, ഏലിയാവിന്റെ പ്രാർത്ഥനയുടെ ഫലമായി ദേശത്തു ക്ഷാമമുാകുകയും, ആഹാബിന്റെ രഥം യെസെരേലിൽ എത്തുന്നതിനു മുൻപു ഏലിയാവ് വിജയത്തോടെ ഓടിപ്പോകയും ചെയ്തു. എന്നാൽ ഹോരേബിലേക്കു ഓടിപോയ ഏലിയാവിന്നു, കഠിനഹൃദയയായ ഇസബേലിന്റെ ഭീഷണി വന്നു. ആ

അധൈര്യപ്പെടുത്തിയ പ്രവാചകന്നു, ദൈവം പ്രത്യക്ഷനായി ബാലിന്നു മുട്ടു കുത്താത്ത ഏഴായിരം പേർ ശേഷിച്ചിരിക്കുന്നതായി പറയുന്നു, അതായതു യിസ്രായേലിൽ ഒരു "യിസ്രായേൽ" ഉ്, അതുകൊു നിന്റെ ജോലി പോയി പൂർത്തിയാക്കുക എന്നു പറഞ്ഞു. അങ്ങനെ ഏലിയാവു മടങ്ങി പോകയും, തനിക്കു പകരം പ്രവാചകനായി ഏലീശയെ അഭിഷേകം ചെയ്യു കയും, ആഹാബിന്റെ ഗൃഹത്തിനു വരുവാനിരിക്കുന്ന നാശത്തെ മുന്നറിയി ക്കയും ചെയ്യുന്നു, അതു സ്വർഗത്തിൽനിന്നുള്ള അഗ്നിരഥം നടപ്പാക്കയുമാ ണ്, കരുണാരഹിതനായ യേഹുവിനാൽ ഓംരിയുടേയും ആഹാബിന്റേയും വംശം രക്തച്ചൊരിച്ചിലിലൂടെ അവസാനിപ്പിക്കുയും ചെയ്തു. എബ്രായ മന സുകളിൽ, മോശെക്കുശേഷം ഇടംപിടിച്ച മറ്റൊരു പ്രവാചകൻ ഇല്ലായിരു ന്നു. അവന്റെ പേരിനെകുറിച്ചു പഴഞ്ചൊല്ലുകളും ഇതിഹാസങ്ങളുമാ യി, അവന്റെ മടങ്ങിവരവു പഴയനിയമത്തിലെ അവസാനപ്രവാചകനും, പുതിയനിയമത്തിലെ ആളുകളും കാംക്ഷിച്ചിരുന്നു. എന്നിട്ടും നമ്മിലേക്കു വരേതിന്നു ഒന്നും എഴുതുകയോ പറയുകയോ ചെയ്തില്ല. അവന്റെ വലിയ നിഴലായിരുന്ന, യോഹന്നാൻ സ്നാപകനെപോലെ, എബ്രായപ്രവാ ചകന്മാരുടെ ഇടയിൽ ഉയർന്ന സ്ഥാനം ലഭിക്കത്തക്കവണ്ണം അവൻ പറയു കയല്ല പ്രവർത്തിക്കുകയായിരുന്നു.

*d. രാഷ്ട്രീയ ബന്ധങ്ങൾ.* – അഹസ്യാവും യെഹോരാമും ആയിരുന്നു ആഹാബ് ഗൃഹത്തിലെ മറ്റു രാജാക്കന്മാർ. യെഹൂദ്യയുമായുായിരുന്ന ശത്രുത ആഹാബിന്റെ വാഴ്ച്ചയുടെ അവസാന പകുതി വരെ നീുനി ന്നു, അതു രു രാജകുടുംബങ്ങളും സഖ്യത്തിലേർപ്പെടുകയും മിശ്രവി വാഹത്തിലേർപ്പെടുകയും ചെയ്യുന്നതുവരെയായിരുന്നു. സിറിയയുമായി ഇട ക്കിടക്ക് യുദ്ധത്തിലേർപ്പെട്ടിരുന്നു, മോവാബ് അതിന്റെ പരാശ്രയം വിട്ടുകള ഞ്ഞു, അതു ദാവീദിന്റെ കാലം വരെ തുടർന്നിരുന്നു. മോവാബ്യനായ സ്റ്റോൺ[4] ആ കാലത്ത് ഒരു പാർശ്വ-വെളിച്ചം നല്കുന്നു്. ദൂരെയുള്ള അശ്ശൂര്യർ, ഒരിക്കൽ മദ്ധ്യധരണ്യാഴിയുടെ ഭാഗങ്ങളിലെ ശക്തികേന്ദ്രമായിര ന്നു, അവർ മറവിൽ നിന്നു വീും വരികയും നൂറ്റിയമ്പതു വർഷങ്ങളോളം പടിഞ്ഞാറുള്ള നിസാര രാജ്യങ്ങളെയെല്ലാം വിഴുങ്ങിക്കളഞ്ഞു. ആ സമയം മുതലുള്ള അശ്ശൂര്യരുടെ എഴുത്തുകൾ നമ്മുടെ സംഭവത്തിനു വെളിച്ചം പകരുന്നു്.

**3. വിഗ്രഹാരാധന നിർത്തി; നൂറു വർഷങ്ങൾ, ഒരു വംശം, അഞ്ചു വാഴ്ച്ചകൾ.** – ഈ സമയത്താണ് ചെറിയ രാജ്യങ്ങൾ വലിയ സമൃദ്ധി പ്രാപി ച്ചത്; എന്നാൽ അതു അവസാനിക്കുന്ന ജ്വാലയുടെ പ്രകാശമായിരുന്നു, യിസ്രായേലിലെ "ഇന്ത്യൻ വേനലായിരുന്നു." ഏലീശ ഏറ്റെടുത്ത നവോ ത്ഥാനപ്രക്രിയ ഏലിയാവിന്റേതിനേക്കാൾ വിജയമായിരുന്നു. വംശത്തിന്റെ സ്ഥാപകനായ യേഹു, ഒരു പെട്ടെന്നുള്ള ആക്രമണത്താൽ, ആഹാബ് ഗൃഹ ത്തെയും ബാൽ ആരാധനയെയും, ഉന്മൂലനാശം വരുത്തി; എന്നാൽ അവൻ യെരോബെയാമിന്റെ കാളക്കുട്ടിയെ ആരാധിക്കുന്നതു തിരികെ കൊുവന്നു. യെഹോവാഹാസ്, യെരോബെയാം II, സെഖര്യാവ്, എന്നിവർ അവനെ പിന്തു ടർന്നു വന്നു. യെരോബെയാം II നാല്പത്തി-ഒന്നു വർഷം വാഴുകയും, ദേശത്തെ ഏറ്റവും ശക്തമാക്കുകയും ചെയ്തു. നിനെവെയിലേക്കു ദൗത്യ വുമായി ദൈവം അയച്ച, യോന അവനെ സഹായിച്ചിരുന്നു, അക്കാലത്ത് ദേശം പാശ്ചാത്യ ആസ്യയിൽ പെട്ടെന്നു ഉയർന്നു വന്നിരുന്നു. യിസ്രായേ

ലിന്റെ വിഗ്രഹാരാധനെ ഹോശേയ പ്രവാചകനും എതിർത്തിരുന്നു.

**4. നാശത്തോടെയാണ് വിഗ്രഹാരാധന അവസാനിക്കുന്നത്; അമ്പതു വർഷം, നാലു വംശം, അഞ്ചു ഭരണം.** – അശ്ശൂര്യരുടെ പാവകളായിരുന്ന രാജാക്കന്മാരിൽ, ചിലരാണ് ശാലിം, മെനാഹേം, പെകാഹിയ, പേഖയും, ഹോശെയയും. മെനാഹേമിന്റെ വാഴ്ച്ചയിൽ അശ്ശൂര്യർ നാടുകടത്തൽ ആരംഭിച്ചു. ചെറിയ യെഹൂദ്യക്കെതിരെയും അശ്ശൂര്യർക്കെതിരെയും, സിറിയയുമായി സഖ്യമുാക്കി, പേഖാ വീര്യം കാണിക്കുകയുായി, അങ്ങനെ അശ്ശൂര്യർക്ക് അവർ കപ്പം കൊടുക്കേി വരികയും ചെയ്തു. അശ്ശൂര്യയിലെ തിഗ്ലത്ത്-പിലേശെർ II, സിറിയാ രാജ്യത്തിന്നു അറുതി വരുത്തുകയും, യിസ്രായേലിൽ, അമിത നികുതി ചുമത്തുകയും ചെയ്തു. അശ്ശൂര്യനുകത്തിൽനിന്നും ഹോശേയയുടെ ലഹളയാലാണ് അവസാനം ഉാകുന്നത്. ശാൽമനേസെർ IV ദേശത്തെ പിടിച്ചെടുക്കയും ശമര്യരെ ഉപരോധിക്കുകയും ചെയ്തു. മൂന്നു വർഷത്തേക്ക് നഗരം പിടിക്കുകയും, ആ സമയത്ത് ശാൽമനേസെറിനു ശേഷം, സർഗോൻ അശ്ശൂര്യ സിംഹാസനത്തിലേറുകയും ചെയ്തു, ഉപരോധം പൂർണ്ണമാക്കി ശമര്യ പിടിച്ചടുക്കുകയും, പത്തു ഗോത്രങ്ങളെ വീും തിരിച്ചു വരാത്തവിധത്തിൽ അടിമകളാക്കുകയും ചെയ്തു. യെഹോവയോടും അവരുടെ ദേശീയ ദൗത്യത്തോടും നീതി പുലർത്താതിരുന്നതുകൊ്, അവരുടെ ദേശീയ അംഗീകാരം അവർ എന്നേക്കുമായി നഷ്ടമാക്കി. പത്തു ഗോത്രങ്ങളിൽ ശേഷിച്ചവരുമായി ഇടകലരുവാനായി, അശ്ശൂര്യരെ, അവിടേക്ക് കൊുവന്നു. ആ സങ്കരവർഗം, സങ്കരമതമായി, നൂറ്റാുകളോളം കഴിഞ്ഞവരായിരുന്നു, ക്രിസ്തുവിന്റെ കാലത്തു ശമര്യക്കാർ എന്നറിയപ്പെട്ടവർ.

---

കുറിപ്പുകൾ

[1]യോശു. 17:14–18; ന്യായാ. 8:1–3; 12:1–6 നോക്കുക. [2]1 രാജാക്കന്മാർ 14:16. [3]യെരോബയാം അങ്ങനെ പരസ്യമായി നാണംകെട്ടു. [4]നോക്കുക ഏദെർഷേം, "ഹിസ്റ്റ് ഓഫ് യിസ്രായേൽ ആന്റ് യൂദാ," വാ. VI., pp. 112-117.